Prepp
Your Personal Exams Guide

Language Code : **09**

इस पुस्तिका में **20** मुद्रित पृष्ठ हैं।
This booklet contains **20** Printed pages.

# FSC-26-II

**प्रश्न-पत्र-II / PAPER-II**

**मलयालम भाषा परिशिष्ट**

**Malayalam Language Supplement**

**भाग-IV & V / PART-IV & V**

मुख्य परीक्षा पुस्तिका संख्या / Main Test Booklet No.

मुख्य परीक्षा पुस्तिका कोड / Main Test Booklet Code

**J**

**इस परीक्षा पुस्तिका को तब तक न खोलें जब तक कहा न जाए।**
**Do not open this Test Booklet until you are asked to do so.**
**इस परीक्षा पुस्तिका के पिछले आवरण (पृष्ठ 19 व 20) पर दिए निर्देशों को ध्यान से पढ़ें।**
**Read carefully the Instructions on the Back Cover (Page 19 & 20) of this Test Booklet.**

**मलयालम में निर्देशों के लिए इस पुस्तिका का पृष्ठ 2 देखें। / FOR INSTRUCTIONS IN MALAYALAM SEE PAGE 2 OF THIS BOOKLET.**

## परीक्षार्थियों के लिए निर्देश

1. यह पुस्तिका मुख्य परीक्षा पुस्तिका की एक परिशिष्ट है, उन परीक्षार्थियों के लिए जो **या** तो भाग IV (भाषा I) **या** भाग V (भाषा II) **मलयालम** भाषा में देना चाहते हैं, लेकिन **दोनों नहीं**।
2. परीक्षार्थी भाग I एवं भाग II **या** III के उत्तर मुख्य परीक्षा पुस्तिका से दें और भाग IV व V के उत्तर उनके द्वारा चुनी भाषाओं से।
3. अंग्रेज़ी व हिन्दी भाषा पर प्रश्न मुख्य परीक्षा पुस्तिका में भाग IV व भाग V के अन्तर्गत दिए गए हैं। भाषा परिशिष्टों को आप अलग से माँग सकते हैं।
4. इस पृष्ठ पर विवरण अंकित करने एवं OMR उत्तर पत्र पर निशान लगाने के लिए **केवल काले/नीले बॉल पॉइंट पेन** का प्रयोग करें।
5. इस भाषा पुस्तिका का **संकेत** है **J**। यह सुनिश्चित कर लें कि इस भाषा परिशिष्ट पुस्तिका का संकेत, OMR उत्तर पत्र के **पृष्ठ-2** एवं मुख्य परीक्षा पुस्तिका पर छपे संकेत से मिलता है। अगर यह भिन्न हो, तो परीक्षार्थी दूसरी भाषा परिशिष्ट परीक्षा पुस्तिका लेने के लिए निरीक्षक को तुरन्त अवगत कराएँ।
6. इस परीक्षा पुस्तिका में **दो** भाग IV और V हैं, जिनमें **60** वस्तुनिष्ठ प्रश्न हैं, जो प्रत्येक 1 अंक का है :
   भाग-IV : भाषा-I (मलयालम) (प्र. 91 से प्र. 120)
   भाग-V : भाषा-II (मलयालम) (प्र. 121 से प्र. 150)
7. भाग-IV में भाषा-I के लिए 30 प्रश्न और भाग-V में भाषा-II के लिए 30 प्रश्न दिए गए हैं। इस परीक्षा पुस्तिका में केवल मलयालम भाषा से संबंधित प्रश्न दिए गए हैं। **यदि भाषा-I और/या भाषा-II में आपके द्वारा चुनी गई भाषा(एँ) मलयालम के अलावा है तो कृपया उस भाषा वाली परीक्षा पुस्तिका माँग लीजिए। जिन भाषाओं के प्रश्नों के उत्तर आप दे रहे हैं वह आवेदन पत्र में चुनी गई भाषाओं से अवश्य मेल खानी चाहिए।**
8. **परीक्षार्थी भाग-V (भाषा-II) के लिए, भाषा सूची से ऐसी भाषा चुनें जो उनके द्वारा भाषा-I (भाग-IV) में चुनी गई भाषा से भिन्न हो।**
9. रफ कार्य परीक्षा पुस्तिका में इस प्रयोजन के लिए दी गई खाली जगह पर ही करें।
10. सभी उत्तर केवल OMR उत्तर पत्र पर ही अंकित करें। अपने उत्तर ध्यानपूर्वक अंकित करें। उत्तर बदलने हेतु श्वेत रंजक का प्रयोग निषिद्ध है।

## INSTRUCTIONS FOR CANDIDATES

1. This booklet is a supplement to the Main Test Booklet for those candidates who wish to answer **EITHER** Part IV (Language I) **OR** Part V (Language II) in **MALAYALAM** language, but **NOT BOTH**.
2. Candidates are required to answer Part I and Part II **OR** III from the Main Test Booklet and Parts IV and V from the languages chosen by them.
3. Questions on English and Hindi languages for Part IV and Part V have been given in the Main Test Booklet. Language Supplements can be asked for separately.
4. Use **Black/Blue Ball Point Pen only** for writing particulars on this page/ marking responses in the OMR Answer Sheet.
5. The CODE for this Language Booklet is **J**. Make sure that the CODE printed on **Side-2** of the OMR Answer Sheet and on your Main Test Booklet is the same as that on this Language Supplement Test Booklet. In case of discrepancy, the candidate should immediately report the matter to the Invigilator for replacement of the Language Supplement Test Booklet.
6. This Test Booklet has **two** Parts, IV and V, consisting of **60** Objective Type Questions, each carrying 1 mark :
   Part-IV : Language-I (Malayalam) (Q. 91 to Q. 120)
   Part-V : Language-II (Malayalam) (Q. 121 to Q. 150)
7. Part-IV contains 30 questions for Language-I and Part-V contains 30 questions for Language-II. In this Test Booklet, only questions pertaining to Malayalam language have been given. **In case the language/s you have opted for as Language-I and/or Language-II is a Language other than Malayalam, please ask for a Test Booklet that contains questions on that language. The language being answered must tally with the languages opted for in your Application Form.**
8. **Candidates are required to attempt questions in Part-V (Language-II) in a language other than the one chosen as Language-I (in Part-IV) from the list of languages.**
9. Rough work should be done only in the space provided in the Test Booklet for the same.
10. The answers are to be recorded on the OMR Answer Sheet only. Mark your responses carefully. No whitener is allowed for changing answers.

परीक्षार्थी का नाम (बड़े अक्षरों में) : ______________________
Name of the Candidate (in Capitals) :

अनुक्रमांक : (अंकों में) / Roll Number : in figures ______________________
: शब्दों में / in words ______________________

परीक्षा केन्द्र (बड़े अक्षरों में) : ______________________
Centre of Examination (in Capitals) :

परीक्षार्थी के हस्ताक्षर : ______________ निरीक्षक के हस्ताक्षर : ______________
Candidate's Signature : Invigilator's Signature :

Facsimile Signature Stamp of
Centre Superintendent : ______________________

Prepp
Your Personal Exams Guide

Language Code : **09**

ഈ പുസ്തികയിൽ 20 താളുകൾ ഉണ്ട്

# FSC-26-II

**പേപ്പർ-II**

**മലയാളഭാഷ അനുബന്ധം**

**ഭാഗം IV & V**

**പരീക്ഷാ ചെറുപുസ്തക സങ്കേതം**

**J**

**പറയുന്നതുവരെ ഈ പരീക്ഷാപുസ്തിക തുറക്കരുത്.**

**ഈ പുസ്തികയുടെ പുറംതാളിൽ (പേജ് 19 & 20) കൊടുത്തിരിക്കുന്ന നിർദ്ദേശങ്ങൾ വായിക്കുക.**

**പരിക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ** :

1. ഈ പുസ്തിക മുഖ്യപരീക്ഷാപുസ്തകത്തിന്റെ ഒരു അനുബന്ധമാണ് IV (ഭാഷ I) അല്ലെങ്കിൽ V (ഭാഷ II) ഭാഗം മാത്രം മലയാളത്തിൽ ഉത്തരമെഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥികൾക്കുവേണ്ടിയാണ്, രണ്ടുഭാഗങ്ങളും ഒരേഭാഷയിൽ എഴുതാനല്ല.
2. പരീക്ഷാർത്ഥികൾ I ഉം, II ഓ III ഓ ഭാഗവും മുഖ്യപരീക്ഷാപുസ്തകത്തിലും IV ഉം V ഉം ഭാഗങ്ങൾ തങ്ങൾ തിരഞ്ഞെടുത്ത ഭാഷയിലും ഉത്തരമെഴുതണം.
3. IV ഉം V ഉം ഭാഗങ്ങളിലെ ഇംഗ്ലിഷ്/ഹിന്ദിചോദ്യങ്ങൾ മുഖ്യപരീക്ഷാപുസ്തകത്തിലുണ്ട്. ഇതരഭാഷ അനുബന്ധങ്ങൾ ചോദിച്ചുവാങ്ങുക.
4. ഈ പേജിലെ വിവരങ്ങൾ എഴുതാനും/ഉത്തരം എഴുതാനും, **നീലബോൾപോയിന്റ്പേന മാത്രം** ഉപയോഗിക്കുക.
5. ഈ പുസ്തികയുടെ സങ്കേതം (കോഡ്) **J** ആണ്. നിങ്ങളുടെ OMR ഉത്തരക്കടലാസ്സിന്റെ **വശം** 2-ലും നിങ്ങളുടെ മുഖ്യപരീക്ഷാപുസ്തകത്തിലും ഉള്ള സങ്കേതം (കോഡ്) ഈ ഭാഷ അനുബന്ധത്തിലുള്ള അതേ കോഡ് തന്നെ എന്ന് ഉറപ്പുവരുത്തുക.
6. IV, V എന്ന **രണ്ടു** ഭാഗങ്ങൾ ഈ പുസ്തികയിൽ ഉണ്ട്. 60 വസ്തുനിഷ്ഠമായ (ഒബ്ജക്ടീവ്) ചോദ്യങ്ങളും ഉണ്ട്. ഓരോ ചോദ്യത്തിനും **ഒരു (1)** മാർക്ക്.
   ഭാഗം **IV**- ഭാഷ-**I** (മലയാളം) *(ചോദ്യം 91 - 120)*
   ഭാഗം **V**- ഭാഷ-**II** (മലയാളം) *(ചോദ്യം 121 - 150)*
7. ഭാഗം **IV** ൽ (ഭാഷ I) **30** ചോദ്യങ്ങളും ഭാഗം V ൽ (ഭാഷ II) **30** ചോദ്യങ്ങളും ഉണ്ട്. ഈ പുസ്തികയിൽ മലയാള ഭാഷയിൽ മലയാളഭാഷയെ ആസ്പദമാക്കിയ ചോദ്യങ്ങളാണ് ഉള്ളത്. **നിങ്ങൾ മലയാളഭാഷയല്ലാതെ വേറെ ഭാഷ I/ഭാഷ II തിരഞ്ഞടുത്തതെങ്കിൽ, ആ ഭാഷയിലെ ചോദ്യങ്ങൾ ആവശ്യപ്പെടുക. അപേക്ഷാ ഫോമിലെന്തു ഭാഷയാണോ നിങ്ങൾ ഐച്ഛികമായി ഏടുത്തിരിക്കുന്നത് ആതേ ഭാഷയിലെ തന്നെ ചോദ്യങ്ങൾക്കായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്.**
8. **പരീക്ഷാർത്ഥികൾ ഭാഗം V (ഭാഷ II) ൽ ഉത്തരമെഴുതുന്ന ഭാഷ ഭാഗം IV (ഭാഷ I)ൽനിന്നു വ്യത്യസ്തമായ ഭാഷയായിരിക്കണം.**
9. റഫ് വർക്ക് ചെയ്യുന്നതിന് പരീക്ഷാപുസ്തികയിൽ അതിനായി തന്നിട്ടുള്ള സ്ഥാനത്തു മാത്രം ചെയ്യുക.
10. ഉത്തരങ്ങൾ OMR ഉത്തരപുസ്തികയിൽ മാത്രം രേഖപ്പെടുത്തുക. ഉത്തരം ശ്രദ്ധാപൂർവ്വം രേഖപ്പെടുത്തുക. ശ്വേത രഞ്ജകം (Whitener) ഉപയോഗിക്കാൻ അനുവാദമില്ല.

പരീക്ഷാർത്ഥിയുടെ പേര് : ______________________

റോൾ നമ്പർ : (അക്കത്തിൽ) : ______________________

: (അക്ഷരത്തിൽ): ______________________

പരീക്ഷാകേന്ദ്രം (വലിയ അക്ഷരത്തിൽ): ______________________

പരീക്ഷാർത്ഥിയുടെ ഒപ്പ് : ______________ ഇൻവിജിലേറ്ററുടെ ഒപ്പ് : ______________

Facsimile signature stamp of
Centre Superintendent ______________________

Prepp
Your Personal Exams Guide

**ഭാഷ - I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം IV**(**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-IV (Q.No. 91-120)**, if they have opted **MALAYALAM** as **Language-I** only.

→

Prepp
Your Personal Exams Guide

# PART-IV
# LANGUAGE-I
# MALAYALAM

**ഭാഷ-I മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-IV** (**ചോദ്യങ്ങൾ 91-120**) ഉത്തരമെഴുതുക.

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് **(91-99)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

ദൈനംദിനജീവിതത്തിൽ നമുക്ക് പല തരക്കാരായ ആളുകളുമായി സമ്പർക്കം പുലർത്തേണ്ടിവരും - പദവിയിലിരിക്കുന്നവരും പാവപ്പെട്ടവരും പഠിപ്പുള്ളവരും പഠിപ്പില്ലാത്തവരും അഹംഭാവികളും ശാന്തരും അങ്ങനെ പലതരക്കാരായ ആളുകളുമായി. ഇവർ ഓരോ തരക്കാരുടെയും സ്വഭാവവും സമ്പ്രദായവും സൂക്ഷ്മമായി കണ്ടറിയുന്നത് അവരുമായുള്ള സമ്പർക്കം സൗഹാർദപരമാക്കുന്നതിന് ആവശ്യമാണ്.

നിങ്ങൾ ഒരാളുമായി സംഭാഷണം നടത്തുമ്പോൾ അയാളുടെ വാക്കുകളും പെരുമാറ്റവും സൂക്ഷിക്കുന്നത് നന്നായിരിക്കും. അയാൾ ഇരിക്കുന്ന സമ്പ്രദായവും ചോദിക്കുന്ന ചോദ്യങ്ങളും മേശപ്പുറത്ത് കടലാസുകളും എഴുത്തുസാമാനങ്ങളും വെച്ചിരിക്കുന്നതും എല്ലാം അയാളുടെ സ്വഭാവത്തിലേക്കു വെളിച്ചം വീശുമെന്ന വസ്തുത ഓർത്തിരിക്കണം. മേശപ്പുറത്ത് സാമാനങ്ങളെല്ലാം അതതു സ്ഥാനത്ത് വൃത്തിയായി വെച്ചിട്ടുണ്ടെങ്കിൽ അവയെ താറുമാറാക്കുന്നത് അയാൾ ഇഷ്ടപ്പെടില്ല. വ്യക്തമായ ചോദ്യങ്ങൾ ചോദിക്കുന്ന സ്വഭാവക്കാരനാണ് അയാളെങ്കിൽ, ദീർഘനേരം വേണ്ടതും വേണ്ടാത്തതും പറയുന്നത് കേൾക്കാൻ അയാൾക്ക് താത്പര്യമുണ്ടാവില്ല. ഒരാൾക്ക് ഇഷ്ടമില്ലാത്തത് നിങ്ങൾ ചെയ്യുന്നതായാൽ അയാൾക്ക് നിങ്ങളോട് നല്ല അഭിപ്രായം ഉണ്ടാകുവാൻ തരമില്ലെന്നറിയുക എളുപ്പമാണ്. നേരെ മറിച്ച്, അയാളുടെ ഇഷ്ടമറിഞ്ഞുകൊണ്ട് അതനുസരിച്ച് വല്ലതും ചെയ്യുമ്പോൾ നിങ്ങളോട് അയാൾക്ക് പ്രീതി തോന്നാതെയുമിരിക്കില്ല.

ഒരു ചെറുപ്പക്കരൻ ഒരാപ്പീസിൽ ഗുമസ്തപ്പണി ഒഴിവുണ്ടെന്നു കേട്ട് ആ ഉദ്യോഗത്തിന് അപേക്ഷിക്കുവാനായി ആപ്പീസിലെ മാനേജരെ കാണുവാൻ ചെന്നു. തന്റെ അപേക്ഷ അദ്ദേഹത്തെ അറിയിച്ചു. ആവശ്യമായ വിവരങ്ങളെല്ലാം മാനേജർ ആ ചെറുപ്പക്കാരനോട് ചോദിച്ചറിഞ്ഞു. 'വിവരം പിന്നെ അറിയിക്കാം. ഇപ്പോൾ പോയ്ക്കൊള്ളൂ'' എന്ന് മാനേജർ പറഞ്ഞപ്പോൾ ആ ഉദ്യോഗാർത്ഥി മടങ്ങിപ്പോകുവാൻ പുറപ്പെട്ടു. അപ്പോൾ നിലത്ത് ഒരു മൊട്ടുസൂചി കിടക്കുന്നതു കണ്ട് അതെടുത്ത് മേശപ്പുറത്തുണ്ടായിരുന്ന ചെറിയ തട്ടിന്മേൽ വെച്ചു. രണ്ടടി മുന്നോട്ടുവെച്ച ആ ചെറുപ്പക്കാരനെ മാനേജർ തിരിച്ചു വിളിച്ചു. കുറേക്കൂടി ആലോചിച്ചതിനുശേഷം നിങ്ങളെ നിശ്ചയിക്കുന്ന കാര്യം തീർച്ചപ്പെടുത്താമെന്നാണ് ഞാൻ വിചാരിച്ചത്. ഇപ്പോൾ അത് ആവശ്യമില്ലെന്നു കണ്ടു'. ചെറിയ പ്രവൃത്തിയിൽ നിന്നാണ് ഒരാളുടെ സ്വഭാവമറിയുക. നിങ്ങളെ നിശ്ചയിച്ച കല്പന ഇപ്പോൾ തന്നെ തരാം. നാളെ ജോലിയിൽ ചേർന്നോളൂ എന്നു പറഞ്ഞു.

**91.** ചെറുപ്പക്കാരനിൽ കണ്ട സ്വഭാവസവിശേഷത എന്ത് ?

(1) അഹങ്കാരവും ധാർഷ്ട്യവും
(2) വിനയവും വിദ്യാഭ്യാസവും
(3) ശ്രദ്ധയും സേവനസന്നദ്ധതയും
(4) അധികാരവും അഹന്തയും

**92.** വ്യക്തിബന്ധം സൗഹാർദ്ദപരമാകാൻ വേണ്ടതെന്ത് ?

(1) അഹംഭാവം (2) ശാന്തത (3) നിരീക്ഷണം (4) വിദ്യാഭ്യാസം

**93.** ഒരാളുടെ ഇഷ്ടം മനസ്സിലാക്കി പെരുമാറുമ്പോൾ അയാളിൽ ഉണ്ടാകുന്നത് :

(1) പ്രീതി (2) അപ്രീതി (3) സ്നേഹം (4) അഹംഭാവം

**94.** ചെറുപ്പക്കാരൻ മാനേജരെ സമീപിച്ചതെന്തിന് ?

(1) മുറിയെടുക്കുന്നതിന് (2) ടിക്കറ്റ് എടുക്കുന്നതിന്

(3) ഉദ്യോഗത്തിനു വേണ്ടി (4) കടം ചോദിക്കുന്നതിന്

**95.** ദീർഘം എന്നതിന്റെ വിപരീതപദം ഏത് ?

(1) ദൈർഘ്യം (2) ഹ്രസ്വം (3) ഹ്രാസം (4) സുദീർഘം

**96.** ചെറുപ്പക്കാരൻ മേശപ്പുറത്ത് എടുത്തുവെച്ചതെന്ത് ?

(1) മൊട്ടുസൂചി (2) കടലാസുകൾ

(3) പേന (4) വിദ്യാഭ്യാസരേഖകൾ

**97.** ഒരാളുമായി സമ്പർക്കം പുലർത്തുമ്പോൾ ശ്രദ്ധിക്കേണ്ടത് :

(1) സമ്പത്തും പദവിയും (2) വിദ്യാഭ്യാസവും ജോലിയും

(3) ഭാഷയും ദേശവും (4) വാക്കും പെരുമാറ്റവും

**98.** ഉത്തരവ് എന്ന അർത്ഥത്തിൽ ഗദ്യത്തിൽ പ്രയോഗിച്ച പദം :

(1) കാര്യം (2) കല്പന (3) ജോലി (4) നിശ്ചയം

**99.** വ്യവസ്ഥപ്പെടുത്തുക എന്നതിന്റെ വിപരീതാർത്ഥത്തിനു ഗദ്യത്തിലെ പ്രയോഗം :

(1) സമ്പർക്കം പുലർത്തുക (2) താറുമാറാക്കുക

(3) സൗഹാർദ്ദപരമാക്കുക (4) കണ്ടെറിയുക

താഴെക്കൊടുത്തിട്ടുള്ള പദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് **(100-105)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ വരേണ്യയെ, വന്ദിപ്പിൻ വരദയെ!

എത്രയും തപശ്ശക്തിപൂണ്ട ജാമദഗ്ന്യന്നു,
സത്രാജിത്തിനു പണ്ടു സഹസ്രകരൻ പോലെ
പശ്ചിമരത്നാകരം പ്രീതിയാൽ ദാനം ചെയ്ത
വിശ്രുതമഹാരത്നമല്ലി നമ്മുടെ രാജ്യം?
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ സമുദ്രാത്മഭൂവാമി ശ്രീദേവിയെ!

Prepp
Your Personal Exams Guide

പച്ചയാം വിരിപ്പിട്ട സഹ്യനിൽ തലവെച്ചും
സ്വച്ഛാബ്ധി മണൽത്തിട്ടാം പാദോപധാനം പൂണ്ടും
പള്ളികൊണ്ടീടുന്ന നിൻ പാദയുഗ്മത്തെക്കാത്തു
കൊള്ളുന്നു കുമാരിയും ഗോകർണ്ണേശനുമമ്മേ!
വന്ദിപ്പിൻ മാതാവിനെ, വന്ദിപ്പിൻ മാതാവിനെ
വന്ദിപ്പിൻ ഉപാസ്യരായുള്ളോർക്കുമുപാസ്യയെ!

**100.** പശ്ചിമം എന്നതിന്റെ വിപരീതപദം ഏത് ?

(1) ദക്ഷിണം (2) ഉത്തരം (3) പൂർവ്വം (4) പർവ്വം

**101.** മാതാവിന്റെ തല വെച്ചിരിക്കുന്നത് എവിടെ ?

(1) സഹ്യനിൽ
(2) സമുദ്രതീരത്തിൽ
(3) തലയിണയിൽ
(4) പർവ്വതശൃംഗത്തിൽ

**102.** നമ്മുടെ രാജ്യം ദാനം ചെയ്തത് ആരാണ് എന്ന് കവി സൂചിപ്പിക്കുന്നത് ?

(1) ബ്രഹ്മാവ് (2) രാജാവ് (3) ഋഷിമാർ (4) സമുദ്രം

**103.** ആരെ വന്ദിക്കാനാണ് കവി ആവശ്യപ്പെടുന്നത് ?

(1) മാതൃഭൂമിയെ (2) രാജാവിനെ (3) സൂര്യനെ (4) സമുദ്രത്തെ

**104.** ജാമദഗ്ന്യൻ എന്നത് ആരെ ഉദ്ദേശിച്ചാണ് പറയുന്നത് ?

(1) അഗസ്ത്യൻ (2) ശങ്കരാചാര്യർ (3) പരശുരാമൻ (4) ശ്രീരാമൻ

**105.** 'രത്നാകരം' എന്നതിന്റെ അർത്ഥം എന്ത് ?

(1) പർവ്വതം (2) സമുദ്രം (3) തലയണ (4) രത്നവ്യാപാരി

**106.** താഴെ പറയുന്നവയിൽ സ്ഥാപനരചനയുടെ (Institutional writing) അധീനതയിൽ വരാത്തത് ഏത് ?

(1) അനുശോചനക്കുറിപ്പ് (Condolence)
(2) കച്ചവടം സംബന്ധിച്ച കത്ത് (Business letter)
(3) സംക്ഷിപ്തജീവചരിത്രം (Curriculum Vitae)
(4) അവലോകനങ്ങൾ (Reviews)

**107.** ഭാഷാർജ്ജനത്തിലും ഭാഷാപഠനത്തിലുമുള്ള നിസർഗജമായ പരികല്പന ഏത് ?

(1) എല്ലാ ഭാഷകൾക്കും വ്യാകരണമുണ്ടെന്നും എല്ലാ കുട്ടികളും അത് അവരവരുടേതായ രീതിയിൽ പഠിക്കുമെന്നുമുള്ള ആശയത്തെ അത് നിരസിക്കുന്നു.
(2) ശാരീരികാഭ്യാസത്തിലൂടെയും, വ്യവസ്ഥപ്പെടുത്തലിലൂടെയും എല്ലാ മനുഷ്യർക്കും ഭാഷകൾ പഠിക്കാൻ കഴിയുമെന്ന് അത് വിശ്വസിക്കുന്നു.
(3) ജന്മനാൽ തന്നെ എല്ലാ മനുഷ്യർക്കും ഭാഷാപരമായ അറിവ് കൈവശമുണ്ടാകുമെന്ന വിശ്വാസം
(4) ശീല രൂപീകരണത്തിന്റെ (habit formation) ഫലമാണ് ഭാഷാപഠനം എന്ന വിശ്വാസം

Prepp
Your Personal Exams Guide

**108.** ഉള്ളടക്കകേന്ദ്രിതഭാഷാ നിക്ഷേപം (Content oriented language input) സൂചിപ്പിക്കുന്നത് എന്ത് ?

(1) ഭാഷോപയോഗത്തിൽ കേന്ദ്രീകരിക്കുന്ന ഭാഷാ നിക്ഷേപം (Language input)

(2) ഭാഷാനിക്ഷേപവും അതിന്റെ പ്രക്രിയയും അവതരിപ്പിക്കുക.

(3) വിജ്ഞാനകേന്ദ്രിതമായ ഭാഷാനിക്ഷേപം

(4) പദകോശം, ഉച്ചാരണം, വ്യാകരണം മുതലായവ

**109.** ഭാഷാബോധനത്തിന്റെ ഏത് സമീപനമാണ് പദങ്ങളെയും പദക്കൂട്ടങ്ങളെയും ഭാഷാപഠനത്തിന്റെ അടിത്തറയായി പരിഗണിക്കുന്നത് ?

(1) നിയോഗാധിഷ്ഠിത ഭാഷാപഠനം (Task-based Language learning)

(2) ആശയവിനിമയസമീപനം (Communicative approach)

(3) ശബ്ദകോശപരമായ സമീപനം (Lexical approach)

(4) വ്യാകരണപരിഭാഷാസമ്പ്രദായം (Grammar translation method)

**110.** താഴെ നൽകിയവയിൽ ഏതാണ് സ്കൂൾവിദ്യാഭ്യാസത്തിലെ ബഹുഭാഷാപ്രയോഗത്തിന്റെ ലക്ഷ്യമല്ലാത്തത് ?

(1) സ്കൂളിലെ ബോധത്തിന്റെയും പഠനത്തിന്റെയും ഭാഷകളായി പഠിതാവിന്റെ ഭാഷയെ ഉപയോഗിക്കുക.

(2) കഴിയാവുന്നിടത്തോളം മാതൃഭാഷ തന്നെ അവരുടെ ഭാഷയായും പഠനമധ്യമഭാഷയായും ഉപയോഗിക്കുക.

(3) ത്രിഭാഷാപദ്ധതിയിലൂടെ മാതൃഭാഷയും ഹിന്ദിയും ഇംഗ്ലീഷും പഠിക്കുക.

(4) സ്കൂൾപഠനാരംഭസന്ദർഭത്തിൽ എല്ലാ കുട്ടികളും മാതൃഭാഷയിലൂടെയും പിന്നീട് ഇതിനൊപ്പം കുറഞ്ഞത് രണ്ടിലേറെ ഭാഷകളും പഠിക്കുക.

**111.** ഒരു പാഠത്തിന്റെ ആകമാനവീക്ഷണം ലഭിക്കുവാനായി, വാണി ഒരു ലേഖനം വായിക്കുകയാണ്. ഈ വായന അറിയപ്പെടുന്നതെന്ത് ?

(1) അഭ്യൂഹവായന (Inferencing)
(2) ദ്രുതവായന (Scanning)
(3) സംഗ്രഹവായന (Skimming)
(4) വിമർശനാത്മകവായന (Critical reading)

**112.** സ്കൂൾഅധിഷ്ഠിത വിലയിരുത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ട് ഉചിതമായ നിരീക്ഷണങ്ങൾ തിരഞ്ഞെടുക്കുക.

(a) പഠിതാക്കളുടെയും അധ്യാപകരുടെയും സ്വയംഭരണത്തെ പ്രോത്സാഹിപ്പിക്കാൻ സഹായിക്കുന്നു.

(b) വിദ്യാലയത്തിന്, സ്വയം പദ്ധതി രൂപീകരിക്കുവാൻ സാഹചര്യമൊരുക്കുന്നു.

(c) പരീക്ഷാബോർഡിന്റെ അധികാരം അറിയുന്നു.

(d) വിലയിരുത്തൽ ആസൂത്രണപ്രക്രിയയിൽ പഠിതാവിന് പഠിതാവിന്റെ സജീവപങ്കാളിത്തത്തിന് അവസരമില്ലാതിരിക്കുക.

(1) (a) യും (b) യും
(2) (b) യും (c) യും
(3) (c) യും (d) യും
(4) (d) യും (a) യും

Prepp
Your Personal Exams Guide

**113.** ഏത് വിദ്യാഭ്യാസതത്വശാസ്ത്രമാണ് താഴെ പറയുന്നവയെ പ്രോത്സാഹിപ്പിക്കുന്നത് ?

യഥാതഥലോകപരിസരം അല്ലെങ്കിൽ കേസടിസ്ഥാനപഠനം തുടങ്ങിയ പഠനാന്തരീക്ഷങ്ങൾ, മുൻകൂട്ടി നിശ്ചയിച്ചു ബോധനക്രമീകരണങ്ങൾക്കു പകരം ഉപയോഗിക്കുക.

(1) ജന്മസിദ്ധതാസിദ്ധാന്തം (Nativism)

(2) ജ്ഞാനനിർമ്മിതിവാദം (Constructivism)

(3) ശ്രവണ - ഭാഷാപ്രാധാന്യ രീതി (Audiolingualism)

(4) ബൗദ്ധികപരത (Cognitivism)

**114.** ആറാംക്ലാസ് പഠിതാവായ രാഹുൽ, പുതിയ വ്യാകരണരൂപങ്ങൾ പഠിക്കുമ്പോൾ മുന്നേ പഠിച്ചവയുമായി ബന്ധിപ്പിക്കുവാൻ പ്രാപ്തനാണ്.

താഴെ നൽകിയിരിക്കുന്ന തന്ത്രങ്ങളിൽ ഏതിനാണ് ഇത് പെടുന്നത് ?

(1) സ്വാന്വേഷണാത്മകതന്ത്രങ്ങൾ (Heuristic strategies)

(2) ബൗദ്ധികതന്ത്രങ്ങൾ (Cognitive strategies)

(3) പരജ്ഞാനാത്മകതന്ത്രങ്ങൾ (Meta-cognitive strategies)

(4) ബൗദ്ധികതന്ത്രവും പരജ്ഞാനാത്മകതന്ത്രവും (Both cognitive and meta cognitive strategies)

**115.** ഏഴാംക്ലാസിൽ പഠിപ്പിക്കുന്ന ഒരു ടീച്ചർ, ഏഴ് വാക്യങ്ങൾ അടങ്ങിയ ഒരു ചെറിയ പാഠഭാഗം ഉറക്കെ വായിക്കുന്നു. അതിനു ശേഷം അവർ തന്റെ പഠിതാക്കളോട് അത് ശ്രദ്ധാപൂർവം കേട്ട്, അതേ പാഠഭാഗമല്ലാതെ അതിനോട് സാമ്യത പുലർത്തുന്ന പാഠഭാഗം പുനർസൃഷ്ടിക്കാൻ പറയുന്നു. ഈ പഠനതന്ത്രം അറിയപ്പെടുന്നത് ?

(1) രൂപരേഖാസൃഷ്ടി (Schema creation)

(2) മേൽ - കീഴ്പഠനരീതി (Top-down strategy)

(3) കീഴ് - മേൽപഠനരീതി (Bottom-up strategy)

(4) ഖണ്ഡികാകേട്ടെഴുത്ത് (Paragraph dictation)

**116.** താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ പഠനഫലങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട് ശരിയായത് ഏത് ?

(a) ഉള്ളടക്കകേന്ദ്രീകൃതപഠനത്തിനേക്കാൾ ക്ഷമതാധിഷ്ഠിതപഠനത്തെ പ്രോത്സാഹിപ്പിക്കുക.

(b) ഭാഷയുടെ സർഗാത്മകമായ ഉപയോഗത്തിന് ഭാഷാനൈപുണിയിൽ വിദഗ്ധരാകുവാൻ പഠിതാക്കളെ പ്രാപ്തരാക്കുക.

(c) ഉള്ളടക്കത്തിൽ വിദഗ്ധരാകുവാനും പിന്നീട് പ്രയോഗത്തിൽ വരുത്താനും പ്രാപ്തരാക്കുക.

(d) സവിശേഷ ഉദ്ദേശ്യങ്ങൾക്കായി ഭാഷ ഉപയോഗിക്കുവാൻ പഠിതാക്കളെ പ്രാപ്തരാക്കുക.

(1) (c) മാത്രമാണ് ശരി

(2) (b) യും (c) യും ശരിയാണ്

(3) (d) യും (c) യും ശരിയാണ്

(4) (a) യും (d) യും ശരിയാണ്

Prepp
Your Personal Exams Guide

**117.** വ്യാകരണപഠനസന്ദർഭത്തിൽ, പ്രക്രിയാജ്ഞാനത്തെ (Procedural knowledge) ഏറ്റവും നന്നായി വിശദീകരിക്കുന്നത് താഴെ പറയുന്ന പ്രസ്താവനകളിൽ ഏതാണ് ?

(1) രൂപത്തെ കുറിച്ച് അറിയുക

(2) എന്താണ് വ്യാകരണരൂപമെന്നും അത് എന്തിന് ഉപയോഗിക്കുന്നുവെന്നും അറിയുക.

(3) വ്യാകരണനിയമങ്ങൾ പഠിക്കുകയും പിന്നീട് പുനരുത്പാദിപ്പിക്കുകയും ചെയ്യുക.

(4) ഒരു വ്യാകരണപുസ്തകത്തിലൂടെ ഒരു വ്യാകരണരൂപം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കുക.

**118.** ഒരു ഗവൺമെന്റ്ഹൈസ്കൂളിലെ ഇംഗ്ലീഷ്അധ്യാപികയായ ഉഷാറാണി, തന്റെ പഠിതാക്കളെ ഇംഗ്ലീഷ്ഭാഷ സംസാരിപ്പിക്കുക എന്ന ലക്ഷ്യത്തിനായി ആ ഭാഷ ദൈനംദിന ഉപയോഗങ്ങൾക്കായി ഉപയോഗിച്ചും, സൂത്രവാക്യപരമായ പ്രയോഗങ്ങൾ പരിചയപ്പെടുത്തിയും പിന്തുണച്ചു. തന്റെ പഠിതാക്കളിൽ എന്തിനെ വികസിപ്പിക്കുവാനാണ് അവരുടെ പരിശ്രമം ?

(1) ആശയവിനിമയനൈപുണി

(2) വ്യക്ത്യന്തരനൈപുണി

(3) ബൗദ്ധികഅക്കാദമിക ഭാഷാപ്രാവീണ്യം

(4) അടിസ്ഥാനവ്യക്ത്യന്തര ആശയവിനിമയനൈപുണി

**119.** ഒരു ഏഴാം ക്ലാസ് അധ്യാപിക തന്റെ പഠിതാക്കൾ വരുത്തിയ പ്രത്യേക വിധത്തിൽ പെട്ട തെറ്റുകൾ വരുത്തുന്നത് ശേഖരിക്കുകയും, മാസത്തിൽ ഒരു തവണ ഇക്കാര്യം പഠിതാക്കളെ അവർ വരുത്തിയ തെറ്റുകൾ അവരെ ബോദ്ധ്യപ്പെടുത്താനായി ചർച്ച ചെയ്യുകയും ചെയ്യുന്നു. ഈ തെറ്റുകൾ ആരു വരുത്തിയതാണെന്ന് അവർ വെളിപ്പെടുത്തുന്നില്ല. അവർ പഠിതാക്കളോട് അവർ വരുത്തിയ തെറ്റുകളെ കുറിച്ച് ആലോചിക്കാൻ ആവശ്യപ്പെടുന്നു. ഈ പരിശീലനം അറിയപ്പെടുന്നത് ?

(1) വ്യാകരണത്തിൽ ഏർപ്പെടുകയും പഠിക്കുകയും ചെയ്യുക.

(2) വ്യാകരണം പഠിക്കുക

(3) പ്രതികരണം നൽകുക

(4) തെറ്റുവിശകലനം

**120.** കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ തന്നെ നാം തിരിച്ചറിയുന്ന വാക്കുകൾ അറിയപ്പെടുന്നത് :

(1) പദസഞ്ചയം (Lexis)

(2) ഉത്പാദനാത്മകപദകോശം (Productive Vocabulary)

(3) സ്വീകരണാത്മകപദകോശം (Receptive Vocabulary)

(4) ഉത്പാദകപദകോശം (Enagaging Vocabulary)

**ഭാഷ - II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക.

Candidates should attempt the questions from **Part-V (Q.No. 121-150)**, if they have opted **MALAYALAM** as **Language-II** only.

Prepp
Your Personal Exams Guide

# PART-V
# LANGUAGE-II
# MALAYALAM

| |
|---|
| **ഭാഷ-II മലയാളം** തിരഞ്ഞെടുത്ത പരീക്ഷാർത്ഥികൾ മാത്രം **ഭാഗം-V** (**ചോദ്യങ്ങൾ 121-150**) ഉത്തരമെഴുതുക. |

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ച് ചോദ്യങ്ങൾക്ക് **(121-128)** ശരിയുത്തരം തിരഞ്ഞെടുത്ത് എഴുതുക.

മലബാർചരിത്രത്തിലെ പടനായകന്മാർ അനശ്വരത നേടിയതും ജനഹൃദയങ്ങളെ സ്വാധീനിച്ചതും തെയ്യങ്ങളിലൂടെയാണ്. (തലമുറകളായി കൈമാറി വന്ന ഗാനങ്ങളിലൂടെയും നാടകങ്ങളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും ചിരഞ്ജീവികളായിത്തീർന്ന ഈ വീരനായകന്മാർ മലബാർചരിത്രത്തിന്റെ അഭിമാനസ്തംഭങ്ങളത്രെ.) പടവീരൻ, കതിവന്നൂർ വീരൻ, പുലിമറഞ്ഞ തൊണ്ടച്ചൻ, തച്ചോളി ഒതേനൻ, വയനാടൻ കുലവൻ തുടങ്ങിയ പേരുകൾ ഈ ഘട്ടത്തിൽ എടുത്തുപറയേണ്ടതുണ്ട്.

ദേവീക്ഷേത്രങ്ങളോടനുബന്ധിച്ചു നിലകൊള്ളുന്ന കാവുകളിലും വയലേലകളിലുമാണ് സാധാരണ തെയ്യങ്ങൾ അരങ്ങേറുക. നീലേശ്വരം, കോലത്തുനാട്, കണ്ണൂർ, വടക്കൻ കോട്ടയം തുടങ്ങിയ പ്രദേശങ്ങളിലെ അഭിജാതകുടുംബങ്ങളും തെയ്യത്തിനു വേദിയൊരുക്കാറുണ്ട്. നീലേശ്വരംകൊട്ടാരം മുപ്പത്തിരണ്ടുതെയ്യങ്ങൾക്കു രംഗഭൂമിയാവാറു പതിവുണ്ട്. തെയ്യംകലാകാരന്മാർ മൊത്തത്തിൽ സമൂഹത്തിന്റെ ആദരവു നേടുന്നു. സാധാരണ കലാകാരന്മാരായല്ല, അമാനുഷചൈതന്യമുള്ളവരായാണ് ജനങ്ങൾ അവരെ നോക്കിക്കാണുന്നത്. ചെല്ലുന്നിടത്തെല്ലാം തെയ്യം കലാകാരന്മാർ ആദരവും ഭയഭക്തിയും പിടിച്ചു പറ്റുന്നു. ഇവരെക്കണ്ടാൽ അന്ധാളിച്ചു പോകുന്നവരുമുണ്ട്.

പുരാണങ്ങളിൽ ഊന്നി നില്ക്കുന്നതുമൂലം ഐതിഹ്യങ്ങളിലൂടെയും നാടോടിക്കഥകളിലൂടെയും തെയ്യത്തിന്റെ ഉദ്ഭവവും ചരിത്രവും കാലങ്ങളിലൂടെ സഞ്ചരിക്കാനും സംരക്ഷിക്കപ്പെടാനും സംഗതിയായി. ഈ ധർമം വളരെ ചുമതലാബോധത്തോടെ നിർവഹിക്കുക എന്നതാണ് ഐതിഹ്യങ്ങളുടെയും നാടോടിക്കഥകളുടെയും ലക്ഷ്യം.

സധാരണക്കാരെ സംബന്ധിച്ചിടത്തോളം വിശേഷിച്ച്, ഗ്രാമവാസികളെ സംബന്ധിച്ചിടത്തോളം തെയ്യങ്ങളുടെ സാന്നിധ്യമെന്നാൽ തങ്ങൾ ആരാധിക്കുന്ന ദൈവങ്ങളുമായി നേരിട്ടുള്ള ദിവ്യസമാഗമം തന്നെയാണ്.

**121.** തെയ്യങ്ങളുടെ സാന്നിധ്യത്തെ ഗ്രാമവാസികൾ കാണുന്നതെങ്ങനെ ?
(1) ദൈവങ്ങളുടെ ദിവ്യസമാഗമമായി
(2) കലാകാരന്മാരുമായുള്ള ദിവ്യസമാഗമമായി
(3) പടനയകന്മാരുമായുള്ള ദിവ്യസമാഗമമായി
(4) ചരിത്രപുരുഷന്മാരുമായുള്ള ദിവ്യസമാഗമമായി

**122.** സാധാരണയായി തെയ്യങ്ങൾ അരങ്ങേറുന്നത് ഏതിനോടു ചേർന്നാണ് ?
(1) പ്രത്യേകം തയ്യാറാക്കിയ സ്റ്റേജ്
(2) വീടുകളുടെ അങ്കണം
(3) ദേവീക്ഷേത്രങ്ങളിലോ കാവുകളിലോ
(4) കൂത്തമ്പലങ്ങൾ

Prepp
Your Personal Exams Guide

**123.** മലബാറിലെ പടനായകന്മാർ അനശ്വരത നേടിയത് എങ്ങനെയെന്നാണ് സൂചിപ്പിക്കുന്നത് ?

(1) യുദ്ധത്തിൽ വിജയം വരിച്ച്

(2) കവികൾ പ്രകീർത്തിച്ച്

(3) തെയ്യങ്ങളിലൂടെ

(4) വിദേശസഞ്ചാരികളുടെ വിവരണത്തിലൂടെ

**124.** താഴെക്കൊടുത്തവയിൽ പടനായകരെ ചിരഞ്ജീവികളാക്കുന്നതിൽ പങ്കില്ലാത്തത് ഏതിനാണ് ?

(1) ഗാനങ്ങൾ (2) നാടകങ്ങൾ

(3) ദൃശ്യമാധ്യമങ്ങൾ (4) ചരിത്രകൃതികൾ

**125.** മുപ്പത്തിരണ്ട് തെയ്യങ്ങൾക്ക് വേദിയൊരുക്കുന്ന സ്ഥലം ഏതാണ് ?

(1) കണ്ണൂർ (2) നീലേശ്വരം (3) കോട്ടയം (4) കോലത്തുനാട്

**126.** തെയ്യത്തെ ജനങ്ങൾ നോക്കിക്കാണുന്നത് എങ്ങനെ ?

(1) അമാനുഷചൈതന്യമുള്ളവരായി

(2) സാധാരണ കലാകാരന്മാരായി

(3) ഭയത്തോടെ

(4) സാധാരണമനുഷ്യരായി

**127.** സാന്നിധ്യം എന്നതിന്റെ വിപരീതപദം ഏത് ?

(1) അസാധ്യം (2) അസാന്നിധ്യം (3) സന്നിധാനം (4) സന്ദിഗ്ധം

**128.** തെയ്യംകലാകാരന്മാരെക്കുറിച്ച് ലേഖകന്റെ അഭിപ്രായമെന്താണ് ?

(1) സമൂഹത്തിൽ അവഗണിക്കപ്പെടുന്നവരാണ്

(2) സമൂഹത്തിൽ നിന്ന് തിരസ്കൃതരാണ്

(3) സമൂഹവുമായി ബന്ധമില്ലാത്തവരാണ്

(4) സമൂഹത്തിന്റെ ആദരവു നേടുന്നവരാണ്.

Prepp
Your Personal Exams Guide

താഴെക്കൊടുത്തിട്ടുള്ള ഗദ്യഭാഗം വായിച്ചശേഷം ചോദ്യങ്ങൾക്ക് **(129-135)** ശരിയുത്തരം തിരഞ്ഞെടുത്ത് ഉത്തരം എഴുതുക.

ഒരു പ്രകാരത്തിൽ നോക്കുന്നതായാൽ നാം എല്ലാവരും പോരാളികളാണ്. യുദ്ധക്കളത്തിലല്ല ജീവിത സമരത്തിൽ. അതിൽ വിജയം നിങ്ങൾ ആഗ്രഹിക്കുന്നില്ലേ ? എങ്കിൽ സ്ഥിരോത്സാഹം അതിന്നു കൂടിയേ കഴിയൂ എന്നറിഞ്ഞിരിക്കണം.

ആഡംബരജീവിതം പലപ്പോഴും നല്ല കാര്യങ്ങൾ നിറവേറ്റുന്നതിന്നു തടസ്സമായി നിന്നേക്കാം. എന്നാൽ ലഘുജീവിതം അതിന് സഹായകരമായി തീരാതിരിക്കുകയില്ല. ലഘുജീവിതം എന്നു പറഞ്ഞതിന്റെ അർത്ഥം, ആവശ്യമായ ഭക്ഷണം കഴിക്കാതെ മുഷിഞ്ഞ വസ്ത്രങ്ങളും ധരിച്ചു വേണ്ടപോലെ ദേഹശുദ്ധി ചെയ്യാതെ അലസമായി നടക്കുക എന്നല്ല. വേണ്ട പ്രകാരം ഭക്ഷണം കഴിച്ച്, വൃത്തിയോടും ചിട്ടയോടും വസ്ത്രധാരണം ചെയ്തു കൃത്യനിർവഹണത്തിൽ ശ്രദ്ധ പതിപ്പിച്ച് ചെയ്യേണ്ട കാര്യങ്ങൾ നീട്ടിവെക്കാതെ അപ്പപ്പോൾ ചെയ്തു തീർത്തു മനസ്സാക്ഷിയുടെ ചൊല്പടിക്കനുസരിച്ച് ജീവിക്കുക എന്നതാണ്. താൻ ഒരു ത്യാഗിയാണ് എന്നു മറ്റുള്ളവരെ ബോദ്ധ്യപ്പെടുത്തുവാനായി കാണിച്ചു കൂട്ടുന്ന കോപ്രാട്ടിത്തം ലഘുജീവിതത്തിന്റെ ലക്ഷണമായി കണക്കാക്കുന്നതു തെറ്റാണ്. അങ്ങനെ ചെയ്യുന്ന പലരേയും കാണാം. അവരെ അനുകരിക്കാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കണം. നിങ്ങൾ ചെയ്യുന്നതിൽ ആത്മാർത്ഥതയുണ്ടോ ഇല്ലയോ എന്ന് മറ്റുള്ളവർ ക്ഷണത്തിൽ കണ്ടറിയും.

സ്വഭാവദാർഢ്യമാണ് നിങ്ങൾ വളർത്തിവരേണ്ടുന്ന മറ്റൊരു ഗുണം. ഇതിൽ പലതും ഉൾപ്പെടും ഏറ്റ കാര്യം നിറവേറ്റുക, പറഞ്ഞതിനനുസരിച്ചു പ്രവർത്തിക്കുക, അവശരേയും അനാഥരേയും സഹായിക്കുക, നീചപ്രവൃത്തികളെ തടയുക അങ്ങനെ പലതും.

**129.** ജീവിതത്തിൽ വിജയം ആഗ്രഹിക്കുന്നവർ അറിഞ്ഞിരിക്കേണ്ടത് എന്താണ് ?

(1) ദൈവവിശ്വാസം കൂടിയേ തീരൂ

(2) പരസ്പരസഹായം അനിവാര്യമാണ്

(3) നല്ല വരുമാനമുള്ള ജോലി ആവശ്യമാണ്

(4) സ്ഥിരോത്സാഹം കൂടിയേ തീരൂ

**130.** ലഘുജീവിതമെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് :

(1) ഭക്ഷണം കഴിക്കാതെ മുഷിഞ്ഞ വേഷവുമായി ജീവിക്കുന്നത്

(2) ദേഹശുദ്ധി വരുത്താതെ അലസമായി ജീവിക്കുന്നത്

(3) ത്യാഗിയാണെന്നു മറ്റുള്ളവരെ വിശ്വസിപ്പിച്ച് ജീവിക്കുന്നത്

(4) കൃത്യനിർവഹണത്തിൽ ശ്രദ്ധിച്ച് മനഃസാക്ഷിക്കനുസരിച്ച് ജീവിക്കുന്നത്.

**131.** നാമെല്ലാം പോരാളികളാണെന്നു പറയാൻ കാരണം എന്താണ് ?

(1) നമുക്ക് യുദ്ധം ചെയ്യാനുള്ള സഹജവാസനയുണ്ട്

(2) നാം ജീവിതമാകുന്ന സമരത്തിൽ പങ്കെടുക്കുന്നവരാണ്

(3) നമുക്ക് യുദ്ധത്തിൽ പങ്കെടുക്കാൻ സ്വാതന്ത്ര്യമുണ്ട്

(4) നാം പൊതുവേ വഴക്കിടുന്ന സ്വഭാവക്കാരാണ്

Prepp
Your Personal Exams Guide

**132.** നിങ്ങളുടെ പ്രവൃത്തി കണ്ടാൽ മറ്റുള്ളവർക്ക് മനസ്സിലാകുന്നത് എന്താണ് ?
(1) നിങ്ങളുടെ മഹത്വം
(2) നിങ്ങളുടെ ആത്മാർത്ഥത
(3) നിങ്ങളുടെ കുലീനത
(4) നിങ്ങളുടെ പദവി

**133.** മഹത്തായ കാര്യങ്ങൾ ചെയ്യുന്നതിന് തടസ്സമായി നില്ക്കുന്നത് :
(1) ആഡംബരജീവിതം
(2) ലഘുജീവിതം
(3) വിവാഹജീവിതം
(4) സ്വകാര്യജീവിതം

**134.** ത്യാഗി എന്നതിന്റെ വിപരീതപദം ഏത് ?
(1) യോഗി (2) രോഗി (3) ഭോഗി (4) രാഗി

**135.** സ്വഭാവദാർഢ്യം എന്ന ഗുണത്തിൽ ഉൾപ്പെടാത്തത് ഏത് ?
(1) വാക്കു പാലിക്കുന്നത്
(2) അവശരെ സഹായിക്കുന്നത്
(3) ത്യാഗിയാണെന്ന് ബോധ്യപ്പെടുത്തുന്നത്
(4) അനാഥരെ സഹായിക്കുന്നത്

**136.** ഒരു അധ്യാപിക എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്ക് താഴെ കൊടുത്തിരിക്കുന്ന അസൈൻമെന്റ് നൽകുന്നു. ഈ എഴുത്ത് എന്ത് തരത്തിലുള്ളതാണ് ?
ജോടികളാക്കി തിരിച്ച്, ആശയങ്ങളെ ചർച്ച ചെയ്ത്, അവയെ രേഖപ്പെടുത്തി, 'വിദ്യാർത്ഥികൾക്ക് അച്ചടിച്ച പുസ്തകങ്ങൾ ഇനി മുതൽ ആവശ്യമില്ല' എന്ന വിഷയത്തിന് അനുകൂലമായും പ്രതികൂലമായും രണ്ട് വീതം വാദങ്ങൾ ഉൾപ്പെട്ട ഒരു രചന വികസിപ്പിച്ചെടുക്കുക.
(1) വ്യക്തിപരരചന (Personal writing)
(2) വ്യാഖ്യാനാത്മകരചന (Expository writing)
(3) സംവാദാത്മകരചന (Discursive writing)
(4) വിവരണാത്മകരചന (Descriptive writing)

**137.** ഭാഷാർജ്ജനത്തിന്റെയും ഭാഷാപഠനത്തിന്റെയും നിസർഗജപരികല്പനയുമായി (Innateness hypothesis) ബന്ധപ്പെട്ട്, താഴെ നൽകിയിരിക്കുന്ന പ്രസ്താവനകളിൽ ശരിയായത് ഏത് ?
(1) ഒരു കുട്ടിയുടെ ഭാഷാർജനം, രക്ഷിതാക്കളുടെയും സമപ്രായക്കാരുടെയും, ചുറ്റുമുള്ളവരുടെയും പരിശ്രമത്തിന്റെ ഫലവും അവന്റെ ചുറ്റുപാടിന്റെ ഉത്തരവാദിത്വവുമാണ്.
(2) ഭാഷ മനുഷ്യന് മാത്രമുള്ള സവിശേഷതയും ഭാഷ സംസാരിക്കാൻ മനുഷ്യന് മാത്രമേ കഴിയുകയുമുള്ളു.
(3) കുട്ടികൾക്ക് കൈവന്ന ഭാഷാസിദ്ധി, ഗൗരവമേറിയ അഭ്യാസപരിശീലനങ്ങളിലൂടെ അവനിൽ ഭാഷയെ രൂപപ്പെടുത്തുന്നു.
(4) കുട്ടികൾക്ക് നൽകപ്പെട്ട ഭാഷാസിദ്ധി അവരിൽ ഭാഷാർജനത്തിനും ഭാഷോൽപാദനത്തിനും കാരണമാവുന്നു.

Prepp
Your Personal Exams Guide

138. താഴെ നൽകിയിരിക്കുന്നവയിൽ ഏതാണ് താഴെ നിന്ന് മുകളിലോട്ടുള്ള കേൾവിപ്രവർത്തനങ്ങൾ ?
(1) കേട്ടെഴുത്ത്, വിട്ടുപോയ ഭാഗങ്ങൾ പൂരിപ്പിക്കുന്നതിനായി കേൾക്കുക (Cloze listening), ബഹുവികല്പചോദ്യങ്ങൾ (Multiple choice questions), ഭാവാത്മകവും നിഷേധാത്മകവുമായ പ്രസ്താവനകൾ തിരിച്ചറിയുക.
(2) സംഗ്രഹിക്കുക, സന്ദേശം പൂർണമായി കേട്ടതിനു ശേഷം പൂർവപശ്ചാത്തലജ്ഞാനം പ്രയോഗിക്കുന്നത്
(3) കൂടിക്കലർന്ന വാക്കുകൾ, കേൾക്കുന്നതിനനുസരിച്ച് വാക്യങ്ങളിലേക്ക് പുനഃക്രമീകരിക്കുക.
(4) പദ്യോച്ചാരണം, തത്സമയപ്രസംഗം, സംവാദവും ചർച്ചകളും

139. ഭാഷാബോധനത്തിൽ 'പഠനസാമഗ്രികളുടെ ബോധനശാസ്ത്രപരമായ സാക്ഷാത്കാരം' (pedagogical realization of materials) എന്താണ് ?
(1) ഭാഷാബോധനത്തിന്റെ ഉന്നതിക്കായി പ്രവർത്തനങ്ങളെയും നിയോഗങ്ങളെയും ഉൾച്ചേർക്കുന്നത്.
(2) അധ്യാപകരെ ബോധനശാസ്ത്രരീതികൾ കൈക്കൊള്ളാൻ പ്രാപ്തരാക്കുന്നതിന് വേണ്ടി പഠന സാമഗ്രികളിൽ ബോധനശാസ്ത്രം ഉൾച്ചേർക്കുന്നത്.
(3) തന്റെ ക്ലാസ്സ്മുറിയിൽ അധ്യാപകർക്ക് ബോധനശാസ്ത്രത്തെ മനസ്സിലാക്കുവാൻ പ്രാപ്തരാക്കുന്നത്
(4) ക്ലാസ്സ്മുറി ഉപയോഗത്തിനായുള്ള ബോധനശാസ്ത്രരീതികളുടെ ലിസ്റ്റ് തയ്യാറാക്കുന്നത്.

140. എല്ലാ പഠിതാക്കളും അവരുടെ സ്കൂൾപഠനത്തിന്റെ ആദ്യ ഘട്ടം മാതൃഭാഷയിലൂടെ ആരംഭിക്കുകയും പിന്നീട് നിരവധി ഭാഷകൾ അതിലേക്ക് കൂട്ടിച്ചേർക്കുകയും ചെയ്യുന്നു. ഇത് വിദ്യാഭ്യാസനയത്തിലെ ഭാഷ (Language in Education Policy) യിൽ അറിയപ്പെടുന്നത് എന്ത് ?
(1) വിദ്യാഭ്യാസനയത്തിലെ സംസ്കാരസവിശേഷമായ ഭാഷ
(2) സ്കൂൾവിദ്യാഭ്യാസത്തിലെ ത്രിഭാഷാപദ്ധതി
(3) അമ്മയെ, ഭാഷാപഠനത്തിന്റെ അടിസ്ഥാനമാക്കി കൊണ്ടുള്ളത്
(4) മാതൃഭാഷാടിസ്ഥാനമായുള്ള ബഹുഭാഷാവിദ്യ

141. സന്ധ്യ, യന്ത്രപഠനത്തെ കുറിച്ചുള്ള ചില വിവരങ്ങൾ കണ്ടെത്താൻ ഒരു ലേഖനം വായിച്ചു. ഈ വായനാരീതി ഏത് ?
(1) ഒറ്റനോട്ടവായന (Glancing)
(2) അവലോകനവായന (Reviewing)
(3) സംഗ്രഹവായന (Skimming)
(4) ദ്രുതവായന (Scanning)

142. താഴെക്കൊടുത്തിരിക്കുന്ന നിയോഗം (Task) എന്ത് പേരിൽ അറിയപ്പെടുന്നു ?
ഒരു ചെറിയ പാഠഭാഗം രണ്ട് വിവിധ ഭാഗങ്ങളായി തിരിക്കുകയോ, അല്ലെങ്കിൽ ഒന്നിടവിട്ട വാക്യങ്ങൾ ഒരു ജോടി പഠിതാക്കൾക്ക് വീതം നൽകുകയോ ചെയ്ത്, അവരോട് പരസ്പരം ഒരാൾക്ക് കിട്ടിയ വാക്യങ്ങൾ മറ്റൊരാൾക്ക് വായിച്ചു കൊടുത്ത് മറ്റേയാൾ അത് എഴുതുവാൻ നിർദ്ദേശിക്കുകയും ചെയ്തു. ഇതേ പ്രക്രിയ തിരിച്ചാവർത്തിച്ച് നേരത്തെ വായിച്ച ആളെക്കൊണ്ട് കേട്ടെഴുത്തെഴുതിക്കുകയും ചെയ്തു. ഇതിലൂടെ അവർക്ക് പൂർണമായി അന്തിമപാഠം നിശ്ചയിക്കാൻ കഴിയുകയും ചെയ്യും
(1) പുനരാവിഷ്കരണം
(2) ഖണ്ഡികാകേട്ടെഴുത്ത്
(3) പരസ്പരം കേട്ടെഴുത്ത്
(4) വ്യാകരണകേട്ടെഴുത്ത്

Prepp
Your Personal Exams Guide

**143.** ''പഠനം അർത്ഥാന്വേഷണമാണ്. ആയതിനാൽ പഠിതാക്കൾ സജീവമായി അർത്ഥാന്വേഷണത്തിന് പരിശ്രമിക്കുന്ന മേഖലകളിലെ പ്രശ്നങ്ങളിൽ നിന്നാവണം പഠനാരംഭവും'' ഏത് വിദ്യാഭ്യാസ തത്വശാസ്ത്രമാണ് ഈ ആശയം മുന്നോട്ടുവെക്കുന്നത് ?

(1) പെരുമാറ്റവാദം (Behaviourism)

(2) നിർമാണവാദം (Constructivism)

(3) ബഹുമുഖബുദ്ധികൾ (Multiple Intelligence)

(4) ഘടനാധിഷ്ഠിതവാദം (Structuralism)

**144.** രൂപകേന്ദ്രിത ഭാഷാനിക്ഷേപം (Form oriented language inputs) അർത്ഥമാക്കുന്നത് ?

(1) ഭാഷാപഠനത്തിന് വേണ്ടിയുള്ള നിക്ഷേപങ്ങളുടെ അർത്ഥം

(2) പദകോശത്തിന്റെയും ഉച്ചാരണത്തിന്റെയും വ്യാകരണത്തിന്റെയും ഉപയോഗം

(3) വിവരകേന്ദ്രിതമായ നിക്ഷേപം

(4) എഴുത്ത് പഠിക്കാനായുള്ള നിക്ഷേപസാധ്യത

**145.** താഴെക്കൊടുത്തിരിക്കുന്നവയിൽ ഏതാണ് 'പഠനവിലയിരുത്തൽ' ?

(1) ബോധന - പഠനപ്രക്രിയയിൽ വിദ്യാർത്ഥികളുടെ പുരോഗതിയെ നിരീക്ഷിക്കുവാനും മെച്ചപ്പെടുത്താനും രൂപകല്പന ചെയ്ത വിലയിരുത്തൽ

(2) വിദ്യാർത്ഥികളുടെ പുരോഗതി, വർഷാന്ത്യത്തിൽ അറിയുന്നതിനു വേണ്ടിയും അവരെ മേൽ ക്ലാസ്സിലേക്ക് ഉയർത്തുന്നതിനു വേണ്ടി രൂപകല്പന ചെയ്ത വിലയിരുത്തൽ

(3) ഒരു പ്രത്യേക ഘട്ടത്തിലുള്ള വിദ്യാർത്ഥികളുടെ നേട്ടങ്ങളെ നിർണയിക്കാൻ സംസ്ഥാനം രൂപകല്പന ചെയ്യുന്ന വിലയിരുത്തൽ

(4) ഓരോ ടേമിന്റെയും അന്ത്യത്തിൽ വിദ്യാർത്ഥികളുടെ പുരോഗതി നിരീക്ഷിക്കാൻ രൂപകല്പന ചെയ്ത വിലയിരുത്തൽ.

**146.** ഉത്പാദകപദസഞ്ചയം (Productive Vocabulary) എന്നാൽ എന്ത് ?

(1) സംസാരിക്കുന്നതിനും എഴുതുന്നതിനും നാം ഉപയോഗിക്കുന്ന വാക്കുകൾ

(2) കേൾവിയിലൂടെ നാം തിരിച്ചറിയുന്ന വാക്കുകൾ

(3) തിരിച്ചറിയുന്നതിൽ നാം പരാജയപ്പെടുന്ന വാക്കുകൾ

(4) കേൾക്കുന്നതിനിടയിൽ ചിലപ്പോൾ നാം ഓർത്തെടുക്കുന്ന വാക്കുകൾ

147. താഴെക്കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ കാവ്യബോധനത്തിനും പഠനത്തിനും ബാധകമല്ലാത്തത് ഏത് ?

(1) പഠിതാക്കളുടെ ഭാവനാഭ്യാസത്തിനുള്ളതാണ് കവിത

(2) ഭാഷയുമായുള്ള വ്യവഹാരമാണ് കവിത

(3) ആനന്ദത്തിനുള്ളതാണ് കവിത

(4) വ്യാകരണബോധനത്തിനുള്ളതാണ് കവിത

148. ഒരു അധ്യാപിക തന്റെ ക്ലാസ് മുറിയിൽ കുട്ടികളുമായി ഇടപഴകുമ്പോഴും അവതരിപ്പിക്കുമ്പോഴും വിവിധ വിഷയമേഖലകളിൽ ഭാഷ ഉപയോഗിക്കുന്നു. ഈ ഭാഷാനൈപുണി അറിയപ്പെടുന്നതെങ്ങനെ ?

(1) അടിസ്ഥാന വ്യക്ത്യന്തരആശയവിനിമയനൈപുണി

(2) യഥാതഥജീവിതലക്ഷ്യങ്ങൾക്കായുള്ള ഭാഷ

(3) ഭാഷാരജിസ്റ്റർ

(4) ബൗദ്ധിക അക്കാദമികഭാഷാപ്രാവീണ്യം

149. താഴെ നൽകിയിരിക്കുന്ന പ്രസ്താവന ഏത് തരം വ്യാകരണഅറിവിനെയാണ് സൂചിപ്പിക്കുന്നത് ?
രൂപത്തെ കുറിച്ചുള്ള അറിവും, വിശദീകരണവും പരിമിതഅഭ്യാസപ്രയോഗവും

(1) ക്ഷമത (Competence)

(2) പരജ്ഞാനാത്മകജ്ഞാനം (Meta cognitive knowledge)

(3) പ്രക്രിയാജ്ഞാനം (Procedural knowledge)

(4) സുസ്പഷ്ടജ്ഞാനം (Declarative knowledge)

150. താഴെ നൽകിയിരിക്കുന്ന നിയോഗപൂർത്തിക്ക് ആവശ്യമായത് :
പഠിതാക്കൾക്ക് ഒരു ഹോട്ടൽ മെനു നൽകിയിരിക്കുന്നു. അവർക്ക് 1800 രൂപയ്ക്ക് 4 പേർക്ക് ആഹാരം ഓർഡർ ചെയ്യേണ്ടതായുണ്ട്. ഒരാൾ സസ്യഭുക്കും മറ്റൊരാൾ കൂണുകളോട് അലർജിയുള്ളയാളുമാണ്. തിരികെ ഓട്ടോറിക്ഷയിൽ വീട്ടിലെത്താൻ അവർ 70 രൂപ മിച്ചം വെക്കേണ്ടതുണ്ട്. തങ്ങൾ എന്ത് ഓർഡർ ചെയ്യേണ്ടതെന്നും, അവരുടെ മുൻഗണനകൾ എന്തൊക്കെയാണെന്നും, ഹോസ്റ്റലിൽ തിരിച്ചെത്താൻ മിച്ചം വയ്ക്കേണ്ട പണത്തെ കുറിച്ചും അവർ സംസാരിക്കുകയാണ്.

(1) ഉന്നതതലത്തിലുള്ള ചിന്താനൈപുണികൾ

(2) പഠനം – ഏർപ്പെടൽ – പ്രതിഫലനം – ഉപയോഗം (ഭാഷ)

(3) ബൗദ്ധികപരമായ തന്ത്രങ്ങൾ

(4) അവതരണം – അഭ്യാസം – ഉൽപാദനം (ഭാഷ)

- o O o -

SPACE FOR ROUGH WORK

**താഴെത്തന്നിരിക്കുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം വായിക്കുക :**

1. വിവിധചോദ്യങ്ങൾക്ക് ഉത്തരമെഴുതേണ്ടവിധം പരീക്ഷാപുസ്തികയിൽ നൽകിയിരിക്കുന്നത് ശ്രദ്ധിച്ചു വായിച്ചശേഷം ഉത്തരമെഴുതാൻ തുടങ്ങുക.
2. ഓരോ ചോദ്യത്തിനും നാലുപക്ഷാന്തരങ്ങൾ തന്നിരിക്കുന്നു, അവയിൽ ശരിയുത്തരത്തിനുള്ള വട്ടത്തിൽ OMR ഉത്തരക്കടലാസ്സിൽ നീലപ്പേനകൊണ്ട് പൂർണ്ണമായും നിറച്ച് രേഖപ്പെടുത്തുക. ഒരിക്കൽ രേഖപ്പെടുത്തിയ ഉത്തരം മാറ്റാവുന്നതല്ല.
3. OMR ഉത്തരക്കടലാസ്സ് മടക്കരുത്. അതിൽ അനാവശ്യമായ രേഖപ്പെടുത്തലുകളോ മറ്റോ ഇല്ല എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തുക. നിർദ്ദേശിച്ച ഇടത്തല്ലാതെ മറ്റൊരിടത്തും സ്വന്തം റോൾ നമ്പർ എഴുതരുത്.
4. പരീക്ഷാപുസ്തിക സൂക്ഷിച്ചു കൈകാര്യം ചെയ്യുക. യാതൊരു കാരണവശാലും (പരീക്ഷാപുസ്തികസങ്കേതമോ OMR ഉത്തരക്കടലാസ്സിലെ സങ്കേതമോ തമ്മിലുള്ള അപാകമൊഴിച്ച്) മറ്റൊരു സെറ്റ് ലഭിക്കുന്നതല്ല.
5. ഹാജർഷീറ്റിൽ ശരിയായ പരീക്ഷാപുസ്തികസങ്കേതവും OMR ഉത്തരക്കടലാസ്സ്സങ്കേതവും പരീക്ഷാർത്ഥി എഴുതിയിരിക്കണം.
6. OMR ഉത്തരക്കടലാസ് പരിശോധിക്കുന്നത് ഒരു യന്ത്രമായതിനാൽ സൂചനകൾ അപൂർണ്ണമോ അഡ്മിറ്റ് കാർഡിൽ നിന്നു വ്യത്യസ്തമോ ആവരുത്.
7. അഡ്മിറ്റ്കാർഡ് ഒഴിച്ച് അച്ചടിച്ചതോ എഴുതിയതോ ആയ യാതൊരു പ്രമാണമോ കടലാസ്സുകഷ്ണങ്ങളോ പേജറോ മൊബൈൽഫോണോ വൈദ്യുതിഉപകരണങ്ങളോ മറ്റൊരു വസ്തുവും പരീക്ഷാർത്ഥിയുടെ കൈവശം ഉണ്ടാവരുത്.
8. മൊബൈൽഫോണോ മറ്റു വയർലസ്സംവിധാനങ്ങളോ (സ്വിച്ച് ഓഫ് മോഡിൽപോലും) നിരോധിക്കപ്പെട്ട വസ്തുക്കളോ പരീക്ഷാഹാളിൽ കൊണ്ടുവരരുത്. ഈ നിർദ്ദേശത്തിനു വിരുദ്ധമായി പ്രവർത്തിക്കുന്നത് പരീക്ഷാ ക്രമക്കേടിന്റെ ഭാഗമായി കണക്കാക്കി അവർക്കെതിരെ പരീക്ഷ റദ്ദാക്കുന്നതുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
9. ആവശ്യപ്പെട്ടാൽ ഇൻവിജിലേറ്ററെ അഡ്മിറ്റ് കാർഡ് കാണിക്കേണ്ടതാണ്.
10. സെന്റർ സൂപ്രണ്ടിന്റെയോ/ഇൻവിജിലേറ്ററുടെയോ പ്രത്യേക അനുമതിയില്ലാതെ പരീക്ഷാർത്ഥി സ്വന്തം ഇരിപ്പിടം വിടരുത്.
11. ഹാജർഷീറ്റ് രണ്ടുതവണ ഒപ്പിടുകയും ഉത്തരക്കടലാസ്സ് തിരിച്ച് ഇൻവിജിലേറ്ററിനെ ഏല്പിക്കുകയും ചെയ്യാതെ പരീക്ഷാർത്ഥി പരീക്ഷാഹാൾ വിടരുത്. രണ്ടാംപ്രാവശ്യം ഹാജർഷീറ്റ് ഒപ്പിടാത്ത കേസുകൾ OMR ഉത്തരക്കടലാസ്സ് ഏല്പിക്കാത്തതായും ക്രമക്കേടുകാട്ടിയതായും കണക്കാക്കും. **ഹാജർഷീറ്റിൽ പറഞ്ഞിട്ടുള്ളസ്ഥാനത്ത് പരീക്ഷാർത്ഥി തന്റെ ഇടതുകൈയിലെ വിരലടയാളം പതിച്ചിരിക്കേണ്ടതാണ്.**
12. ഇലക്ട്രോണിക്/മാനുഷിക കാൽക്കുലേറ്റർ നിരോധിച്ചിരിക്കുന്നു.
13. ബോർഡിന്റെ എല്ലാനിയമങ്ങളും നിബന്ധനകളും പരീക്ഷാർത്ഥിക്കു ബാധകമാണ്. എല്ലാവിധക്രമക്കേടുകളിലും ബോർഡിന്റെ നിയമവും നിബന്ധനയും അനുസരിച്ച് ഇടപെടുന്നതായിരിക്കും.
14. പരീക്ഷാപുസ്തികയുടെയും OMR ഉത്തരക്കടലാസ്സിന്റെയും യാതൊരു അംശവും വേർപെടുത്തുവാൻപാടില്ല.
15. പരീക്ഷ എഴുതിക്കഴിഞ്ഞാൽ പരീക്ഷാർത്ഥികൾ OMR ഉത്തരക്കടലാസ്സ് ഇൻവിജിലേറ്ററെ ഏല്പിച്ചിരിക്കണം. ഈ പുസ്തിക പരീക്ഷാർത്ഥിക്ക് കൂടെ കൊണ്ടുപോകാവുന്നതാണ്.

## निम्नलिखित निर्देशों को ध्यान से पढ़ें :

1. जिस प्रकार से विभिन्न प्रश्नों के उत्तर दिए जाने हैं उसका वर्णन परीक्षा पुस्तिका में किया गया है, जिसे आप प्रश्नों का उत्तर देने से पहले ध्यान से पढ़ लें।
2. प्रत्येक प्रश्न के लिए दिए गए चार विकल्पों में से सही उत्तर के लिए OMR उत्तर पत्र के **पृष्ठ-2** पर केवल एक वृत्त को ही पूरी तरह **नीले/काले बॉल पॉइन्ट पेन** से भरें। एक बार उत्तर अंकित करने के बाद उसे बदला नहीं जा सकता है।
3. परीक्षार्थी सुनिश्चित करें कि इस OMR उत्तर पत्र को मोड़ा न जाए एवं उस पर कोई अन्य निशान न लगाएँ। परीक्षार्थी अपना अनुक्रमांक OMR उत्तर-पत्र में निर्धारित स्थान के अतिरिक्त अन्यत्र न लिखें।
4. परीक्षा पुस्तिका एवं OMR उत्तर पत्र का ध्यानपूर्वक प्रयोग करें, क्योंकि किसी भी परिस्थिति में (केवल परीक्षा पुस्तिका एवं OMR उत्तर पत्र के कोड या संख्या में भिन्नता की स्थिति को छोड़कर) दूसरी परीक्षा पुस्तिका उपलब्ध नहीं करायी जाएगी।
5. परीक्षा पुस्तिका/OMR उत्तर पत्र में दिए गए परीक्षा पुस्तिका कोड व संख्या को परीक्षार्थी सही तरीके से उपस्थिति-पत्र में लिखें।
6. OMR उत्तर पत्र में कोडित जानकारी को एक मशीन पढ़ेगी। इसलिए कोई भी सूचना अधूरी न छोड़ें और यह प्रवेश-पत्र में दी गई सूचना से भिन्न नहीं होनी चाहिए।
7. परीक्षार्थी द्वारा परीक्षा हॉल/कक्ष में प्रवेश-पत्र के सिवाय किसी प्रकार की पाठ्य-सामग्री, मुद्रित या हस्तलिखित, कागज़ की पर्चियाँ, पेजर, मोबाइल फोन, इलेक्ट्रॉनिक उपकरण या किसी अन्य प्रकार की सामग्री को ले जाने या उपयोग करने की अनुमति नहीं है।
8. मोबाइल फोन, बेतार संचार युक्तियाँ (स्विच ऑफ अवस्था में भी) और अन्य प्रतिबंधित वस्तुएँ परीक्षा हॉल/कक्ष में नहीं लाई जानी चाहिए। इस सूचना का पालन न होने पर इसे परीक्षा में अनुचित साधनों का प्रयोग माना जाएगा और परीक्षार्थी के विरुद्ध कार्यवाही की जाएगी, परीक्षा रद्द करने सहित।
9. पूछे जाने पर प्रत्येक परीक्षार्थी, निरीक्षक को अपना प्रवेश-पत्र दिखाएँ।
10. केन्द्र अधीक्षक या निरीक्षक की विशेष अनुमति के बिना कोई परीक्षार्थी अपना स्थान न छोड़ें।
11. कार्यरत निरीक्षक को अपना OMR उत्तर पत्र दिए बिना एवं उपस्थिति-पत्र पर दुबारा हस्ताक्षर किए बिना परीक्षार्थी परीक्षा हॉल/कक्ष नहीं छोड़ेंगे। यदि किसी परीक्षार्थी ने दूसरी बार उपस्थिति-पत्र पर हस्ताक्षर नहीं किए, तो यह माना जाएगा कि उसने OMR उत्तर पत्र नहीं लौटाया है और यह अनुचित साधन का मामला माना जाएगा। **परीक्षार्थी अपने बाएँ हाथ के अंगूठे का निशान उपस्थिति-पत्र में दिए गए स्थान पर अवश्य लगाएँ।**
12. इलेक्ट्रॉनिक/हस्तचालित परिकलक का उपयोग वर्जित है।
13. परीक्षा हॉल/कक्ष में आचरण के लिए परीक्षार्थी परीक्षण संस्था के सभी नियमों एवं विनियमों द्वारा नियमित हैं। अनुचित साधनों के सभी मामलों का फैसला परीक्षण संस्था के नियमों एवं विनियमों के अनुसार होगा।
14. किसी भी परिस्थिति में परीक्षा पुस्तिका और OMR उत्तर पत्र का कोई भाग अलग न करें।
15. **परीक्षा सम्पन्न होने पर, परीक्षार्थी हॉल/कक्ष छोड़ने से पूर्व OMR उत्तर पत्र निरीक्षक को अवश्य सौंप दें। *परीक्षार्थी अपने साथ इस परीक्षा पुस्तिका को ले जा सकते हैं।***

## READ THE FOLLOWING INSTRUCTIONS CAREFULLY :

1. The manner in which the different questions are to be answered has been explained in the Test Booklet which you should read carefully before actually answering the questions.
2. Out of the four alternatives for each question, only one circle for the correct answer is to be darkened completely with **Blue / Black Ball Point Pen** on **Side-2** of the OMR Answer Sheet. The answer once marked is not liable to be changed.
3. The candidates should ensure that the OMR Answer Sheet is not folded. Do not make any stray marks on the OMR Answer Sheet. Do not write your Roll No. anywhere else except in the specified space in the OMR Answer Sheet.
4. Handle the Test Booklet and OMR Answer Sheet with care, as under no circumstances (except for discrepancy in Test Booklet Code or Number and OMR Answer Sheet Code or Number), another set will be provided.
5. The candidates will write the correct Test Booklet Code and Number as given in the Test Booklet/OMR Answer Sheet in the Attendance Sheet.
6. A machine will read the coded information in the OMR Answer Sheet. Hence, no information should be left incomplete and it should not be different from the information given in the Admit Card.
7. Candidates are not allowed to carry any textual material, printed or written, bits of papers, pager, mobile phone, electronic device or any other material except the Admit Card inside the examination hall/room.
8. Mobile phones, wireless communication devices (even in switched off mode) and the other banned items should not be brought in the examination halls/rooms. Failing to comply with this instruction, it will be considered as using unfair means in the examination and action will be taken against the candidate including cancellation of examination.
9. Each candidate must show on demand his/her Admit Card to the Invigilator.
10. No candidate, without special permission of the Centre Superintendent or Invigilator, should leave his/her seat.
11. The candidates should not leave the Examination Hall/Room without handing over their OMR Answer Sheet to the Invigilator on duty and sign the Attendance Sheet twice. Cases where candidate has not signed the Attendance Sheet second time will be deemed not to have handed over the OMR Answer Sheet and dealt with as an unfair means case. **The candidates are also required to put their left hand THUMB impression in the space provided in the Attendance Sheet.**
12. Use of Electronic/Manual Calculator is prohibited.
13. The candidates are governed by all Rules and Regulations of the Examining Body with regard to their conduct in the Examination Hall/Room. All cases of unfair means will be dealt with as per Rules and Regulations of the Examining Body.
14. No part of the Test Booklet and OMR Answer Sheet shall be detached under any circumstances.
15. **On completion of the test, the candidate must hand over the OMR Answer Sheet to the Invigilator in the Hall / Room. *The candidates are allowed to take away this Test Booklet with them.***